തോട്ടണ്ടി സംഭരിക്കാൻ പുതിയ സംവിധാനം

204. [206] [ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി. സി. ഐ. തോട്ടണ്ടി യഥാസമയം വാങ്ങാതിരുന്നതിന്റെ ഫലമായി കശുവണ്ടി ഫാക്ടറികൾ ദീർഘകാലം പൂട്ടിയിടേണ്ടിവന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് ;

(സി) നാടൻ തോട്ടണ്ടി ശേഖരിക്കുന്നതിൽ എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്ത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാടൻ തോട്ടണ്ടിയുടെ ഉൽപ്പാദനം പരമാവധി വർദ്ധിപ്പിച്ചാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളു. കശുമാവു കൃഷി വികസനത്തിനു വേണ്ട പരിപാടികൾ ഊർജ്ജിതമായി നടപ്പിലാക്കി വരികയാണ്.

(സി) ഇക്കാര്യം ഗവൺമെന്റിന്റെ പരിശോധനയിലിരിക്കുകയാണ്.

തിരുവനന്തപുരം ജില്ലയിലെ മിനി വ്യവസായ എസ്റ്റേറ്റുകൾ

205. [207] [ശ്രീ. പി. കെ. ചാത്തൻമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ആകെ എത്ര മിനി വ്യവസായ എസ്റ്റേറ്റുകളാണ് തുടങ്ങണമെന്ന് നിശ്ചയിച്ചിട്ടുള്ളത് ;

(ബി) അവയിൽ എത്രയെണ്ണം എവിടെയെല്ലാം തുടങ്ങി ;

(സി) കഠിനംകുളം മിനി വ്യവസായ എസ്റ്റേറ്റിൽ എത്ര യൂണിറ്റുകൾക്ക് അനുമതി കൊടുത്തു ;

(ഡി) അവയിൽ എത്ര എണ്ണം പ്രവർത്തനം തുടങ്ങി ;

(ഈ) ഇവിടെ അനുമതി കൊടുത്തവയിൽ ഏതെങ്കിലും തുടങ്ങാതെയുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എന്തുകൊണ്ട് ;

(ജി) കഠിനംകുളത്ത് ഹരിജനങ്ങളായ ആർക്കെങ്കിലും മിനി വ്യവസായ യൂണിറ്റ് അനുവദിച്ചു കൊടുത്തിട്ടുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ ആർക്കാണെന്നും ഏതു യൂണിറ്റാണെന്നും പറയാമോ ;

(ഐ) ഈ യൂണിറ്റിന് ഹരിജൻ ഡവലപ്പ്മെന്റ് കോർപ്പറേഷൻ, ബാങ്ക്, ഗവൺമെന്റ് എന്നിവകളിൽ നിന്നും എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത് ;

(ജെ) ഈ യൂണിറ്റിന്റെ പ്രോജക്ട് റിപ്പോർട്ടു പ്രകാരം എന്തു തുക വരുമെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly